## പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

2015 ജൂലൈ 30, വ്യാഴം

നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ

**[ആകെ ചോദ്യങ്ങൾ--30]**

മറുപടി നൽകുന്ന മന്ത്രിമാർ

ഊർജ്ജ വകുപ്പമന്ത്രി

സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പമന്ത്രി

ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പമന്ത്രി

വ്യവസായവും വിവരസാങ്കേതികവും വകുപ്പമന്ത്രി

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പമന്ത്രി

### ഖാദി മേഖലയിലെ നേട്ടങ്ങൾ

*631. ശ്രീ.എ.റ്റി.ജോർജ്

,, ടി.എൻ. പ്രതാപൻ

,, സി.പി.മുഹമ്മദ്

,, കെ.ശിവദാസൻ നായർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഖാദി മേഖലയിൽ എന്തെല്ലാം നേട്ടങ്ങൾ ഈ സർക്കാരിന്റെ കാലത്ത് കൈവരിച്ചിട്ടുണ്ട്;

(ബി) ഈ മേഖലയിൽ തൊഴിലാളികൾക്കുള്ള ആനുകൂല്യങ്ങൾ നൽകൽ, വിവിധ യൂണിറ്റുകളുടെ ആരംഭം, ക്ലസ്റ്ററുകളുടെ നടപ്പാക്കൽ എന്നിവയിൽ എന്തെല്ലാം കാര്യങ്ങളാണ് നടപ്പാക്കിയത്;

(സി) ഈ നേട്ടങ്ങൾ കൈവരിക്കാൻ എന്തെല്ലാം പദ്ധതികളാണ് ഭരണതലത്തിൽ നടപ്പാക്കിയത്?

### പുതിയ തൊഴിലവസരങ്ങൾക്കുള്ള ധനസഹായത്തിന് പദ്ധതി

*632. ശ്രീ.കെ.മുരളീധരൻ

,, തേറമ്പിൽ രാമകൃഷ്ണൻ

,, വി.റ്റി.ബൽറാം **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ തൊഴിലവസരങ്ങൾക്കുള്ള ധനസഹായത്തിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ട് ?

### സാധാരണ ജനങ്ങൾക്ക് ഐ.ടി. അധിഷ്ഠിത സേവനങ്ങൾ

*633. ശ്രീ.ജെയിംസ് മാത്യു

,, എം. ഹംസ

,, കെ.വി.അബ്ദുൾ ഖാദർ

,, ആർ. രാജേഷ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഐ.ടി. അധിഷ്ഠിത സേവനങ്ങൾ സാധാരണ ജനങ്ങൾക്ക് ഏതെല്ലാം മേഖലകളിൽ പുതുതായി നൽകാമെന്ന് പഠനം നടത്തിയിട്ടുണ്ടോ;

(ബി) ലഭ്യമാക്കാവുന്ന സൗകര്യങ്ങൾ പോലും ഗ്രാമീണരടക്കമുള്ളവർക്ക് നൽകുന്നതിന് സാദ്ധ്യമാകുന്നുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ആധുനിക ഐ.ടി. സാങ്കേതിക വിദ്യകൾ സാമ്പത്തികമായി പിന്നോക്കം നില്ക്കുന്നവർക്കടക്കം പ്രയോജനകരമാക്കുന്നതിനുള്ള എന്തെങ്കിലും പുതിയ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) സർക്കാർ ആഫീസുകളിൽ ഇതിനകം സ്ഥാപിക്കപ്പെട്ട ഐ.ടി. അധിഷ്ഠിത സംവിധാനങ്ങളുടെ പ്രവർത്തനക്ഷമത എത്ര ശതമാനം വിനിയോഗിക്കപ്പെടുന്നുണ്ടെന്ന് വിശദമാക്കാമോ?

### ഭവന നിർമ്മാണ ബോർഡിന്റെ കടബാധ്യത

*634. ശ്രീ.ബെന്നി ബെഹനാൻ

,, വി.ഡി.സതീശൻ

,, വർക്കല കഹാർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ ഭവന നിർമ്മാണ ബോർഡിനെ ഋണവിമുക്തമാക്കിയിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച വിശദാംശങ്ങൾ എന്തെല്ലാം; വിവരിക്കുമോ;

(സി) ഇത് മൂലം ഭവനനിർമ്മാണ രംഗത്തിന് എന്തെല്ലാം നേട്ടങ്ങളാണ് കൈവരിച്ചത്?

ട്രാവൻകൂർ ടൈറ്റാനിയം കമ്പനിയിലെ പ്രതിസന്ധി

*635. ശ്രീ.ബി.സത്യൻ

,, പി.കെ.ഗുരുദാസൻ

,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ

ശ്രീമതി.പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാവൻകൂർ ടൈറ്റാനിയം കമ്പനി രൂക്ഷമായ പ്രതിസന്ധിയിലാണെന്ന വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രതിസന്ധിയുടെ കാരണം വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(സി) ടൈറ്റാനിയം ഡയോക്സൈഡിന് ആഭ്യന്തര മാർക്കറ്റിൽ ഇടിവ് സംഭവിച്ചിട്ടുണ്ടോ ; എങ്കിൽ ഇതിനാധാരമായ പ്രശ്നങ്ങൾ പരിശോധിച്ചിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കാമോ ;

(ഡി) കമ്പനിയുടെ മികച്ച ഗുണനിലവാരം പുലർത്തിയിരുന്ന ടൈറ്റാനിയം ഡയോക്സൈഡിന്റെ ഗുണനിലവാരം ഇപ്പോൾ പിറകോട്ട് പോയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതിനുള്ള കാരണങ്ങൾ കണ്ടെത്തി പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ?

കാർഷിക മേഖലയിൽ സഹകരണ സ്ഥാപനങ്ങളുടെ സഹായം

*636. ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി

,, എം.ഉമ്മർ

,, പി.കെ.ബഷീർ

,, പി.ബി. അബ്ദുൾ റസാക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങൾ കാർഷിക മേഖലയുടെ പുനരുജ്ജീവന നടപടികൾക്ക് നൽകുന്ന സഹായം സംബന്ധിച്ച വിശദ വിവരം നൽകാമോ;

(ബി) കാർഷിക മേഖലയ്ക്ക് നൽകുന്ന വായ്പയുടെ തോത് മൊത്തം അനുവദിച്ച വായ്പയുമായി താരതമ്യം ചെയ്യുമ്പോൾ കുറവാണെന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; എങ്കിൽ അതിനുള്ള കാരണങ്ങൾ വിശദമാക്കുമോ ;

(സി) വായ്പാ കുടിശ്ശികയുടെ കാര്യത്തിൽ കാർഷിക മേഖലയുടെയും ഇതര മേഖലകളുടെയും പങ്ക് എത്രത്തോളമാണെന്ന് വ്യക്തമാക്കുമോ ?

ജല വൈദ്യുത പദ്ധതികളുടെ സമീപം സൗരോർജ്ജ പാനലുകൾ സ്ഥാപിച്ച് വൈദ്യുതി

*637. ശ്രീ.വി.എസ്.സുനിൽ കുമാർ

,, വി.ശശി

,, ചിറ്റയം ഗോപകുമാർ

,, ഇ.കെ.വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജല വൈദ്യുത പദ്ധതികളുടെ കനാലുകൾക്ക് മുകളിലും വശങ്ങളിലുമായി സൗരോർജ്ജ പാനലുകൾ സ്ഥാപിച്ച് വൈദ്യുതി ഉൽപാദിപ്പിക്കുന്ന പദ്ധതി ആരംഭിച്ചിട്ടുണ്ടോ ; ഇപ്രകാരം എത്ര മെഗാ വാട്ട് വൈദ്യുതി ഉൽപാദിപ്പിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) മൊത്തം എത്ര രൂപയുടെ പദ്ധതിക്കാണ് രൂപം നൽകിയത് ; കേന്ദ്ര പാരമ്പര്യേതര ഊർജ്ജ വകുപ്പിൽ നിന്നും പ്രസ്തുത പദ്ധതിക്ക് ലഭിക്കുന്ന സഹായം എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ?

കെൽട്രോണിനെ സംരക്ഷിക്കാൻ നടപടി

*638. ഡോ.ടി.എം.തോമസ് ഐസക്

ശ്രീ.ഇ.പി.ജയരാജൻ

,, സി.കൃഷ്ണൻ

,, കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തകർച്ച നേരിടുന്ന കെൽട്രോണിനെ സംരക്ഷിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇലക്ട്രോണിക്സ്/ഇലക്ട്രിക്കൽ മേഖലയിൽ സർക്കാർ പദ്ധതികളിൽ കെൽട്രോണിനെ അവഗണിക്കുന്നുണ്ടോ ; ഇത് കെൽട്രോൺ കൂടുതൽ തകരുന്നതിനു കാരണമാക്കുന്നുണ്ടോ പരിശോധിച്ചിട്ടുണ്ടോ;

(സി) സർക്കാരിന്റേതടക്കമുള്ള വിവിധ മേഖലകളിൽ കെൽട്രോണിനെ ഏൽപ്പിക്കാവുന്ന കാര്യങ്ങൾ എന്തൊക്കെയാണ്; അത്തരം പ്രവൃത്തികൾ കെൽട്രോണിന് നൽകി അതിനെ സംരക്ഷിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ജാഗരൺ ഭാരത്

*639. ശ്രീ.വി.റ്റി.ബൽറാം

,, പി.സി വിഷ്ണുനാഥ്

,, കെ.എസ്.ശബരീനാഥൻ

,, ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജാഗരൺ ഭാരത് എന്ന പേരിൽ ദേശീയോദ്ധാരണ ക്യാമ്പ് സംഘടിപ്പിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇതിന്റെ പ്രവർത്തനത്തിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്?

<u>കോടതി വിധികൾ മലയാളത്തിലാക്കുന്നതിന് പദ്ധതി</u>

*640. ശ്രീ.എം.എ. വാഹീദ്

,, സണ്ണി ജോസഫ്

,, ലൂഡി ലൂയിസ്

,, സി.പി.മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സുപ്രധാന കോടതി വിധികൾ മലയാളത്തിലേക്ക് തർജ്ജമ ചെയ്യുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

<u>ജിഗാബൈറ്റ് **17** മിഷൻ കണക്ടിവിറ്റി</u>

*641. ശ്രീ.ടി.എൻ. പ്രതാപൻ

,, വർക്കല കഹാർ

,, തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ ഗ്രാമപഞ്ചായത്തിലും ജിഗാബൈറ്റ് 17 മിഷൻ കണക്ടിവിറ്റി ഏർപ്പെടുത്തുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയെന്ന വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

<u>ബ്രഹ്മോസ്</u>

*642. ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ

,, ബി.സത്യൻ

,, രാജു എബ്രഹാം

,, എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബ്രഹ്മോസിന്റെ പ്രവർത്തന പുരോഗതി വിലയിരുത്താറുണ്ടോ;

(ബി) ബ്രഹ്മോസ് ഉദ്ദേശിച്ച ലക്ഷ്യത്തിലെത്തിക്കുന്നതിന് സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ ?

(സി)

<u>വിദ്യാർത്ഥി -യുവജന സംരംഭക പദ്ധതി</u>

*643. ശ്രീ.റോഷി അഗസ്റ്റിൻ

,, എം.വി.ശ്രേയാംസ് കുമാർ

ഡോ.എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിദ്യാർത്ഥി -യുവജന സംരംഭക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) യുവസംരംഭകരുടെ സംരംഭകത്വ ആശയങ്ങൾ നടപ്പിലാക്കുന്നതിനായി എന്തെല്ലാം സംവിധാനങ്ങളാണ് സജ്ജീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്ത് ഇത്തരത്തിലുള്ള സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുണ്ടോയെന്നും ഇതിലൂടെ എന്തെല്ലാം നേട്ടങ്ങൾ ഉണ്ടായിട്ടുണ്ടെന്നും വ്യക്തമാക്കുമോ ?

<u>പരമ്പരാഗത വ്യവസായങ്ങളുടെ ആധുനികവൽക്കരണം</u>

*644. ശ്രീ.പി.കെ.ഗുരുദാസൻ

,, കോടിയേരി ബാലകൃഷ്ണൻ

,, സി.കൃഷ്ണൻ

,, കെ.കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത വ്യവസായങ്ങളെ ആധുനികവൽക്കരിച്ച് വിപണിയിൽ മറ്റ് ഉൽപ്പന്നങ്ങളോട് മത്സരിക്കാൻ കഴിയുന്ന തരത്തിൽ സജ്ജമാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) പരമ്പരാഗത വ്യവസായങ്ങളെ ആധുനികവൽക്കരിക്കാതെ നിലനിർത്തുന്നതിന് സാദ്ധ്യമാകുമോയെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(സി) പരമ്പരാഗത വ്യവസായങ്ങളെ ആധുനികവൽക്കരിക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

പുറത്തുനിന്നുള്ള വൈദ്യുതി ലഭ്യത

*645. ശ്രീ.തോമസ് ചാണ്ടി

,, എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുറത്ത് നിന്നും ലഭിച്ചുകൊണ്ടിരിക്കുന്ന വൈദ്യുതിയുടെ ലഭ്യതയിൽ ഉണ്ടാകുന്ന കുറവാണ് വൈദ്യുതി ബോർഡ് നേരിടുന്ന പ്രധാന പ്രശ്നമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മൂന്നുവർഷത്തേക്ക് 400 മെഗാവാട്ട് വൈദ്യുതി പുറത്ത് നിന്ന് കൊണ്ടുവരുന്നതിനായി വൈദ്യുതി ബോർഡ് പവർഗ്രിഡ് കോർപ്പറേഷന് അപേക്ഷ സമർപ്പിച്ചിരുന്നുവെങ്കിലും തക്കസമയത്ത് തുടർനടപടി സ്വീകരിക്കാതിരുന്നതിനാൽ പവർഗ്രിഡ് കോർപ്പറേഷൻ അപേക്ഷ പരിഗണിച്ചില്ലെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന് ഉത്തരവാദി ആരാണെന്ന് വെളിപ്പെടുത്താമോ;

(സി) പവർഗ്രിഡ് കോർപ്പറേഷന്റെ നയംമാറ്റവും കെ.എസ്.ഇ.ബി. യുടെ അനാസ്ഥയും ബോർഡിലെ ആസൂത്രണ വിഭാഗത്തിന്റെ കാര്യക്ഷമതയില്ലായ്മയും മൂലമാണ് പ്രസ്തുത അപേക്ഷ പരിഗണിക്കപ്പെടാതിരുന്നതെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

മലിനീകരണം നിരീക്ഷിക്കാൻ സംവിധാനം

*646. ശ്രീ.വർക്കല കഹാർ

,, ജോസഫ് വാഴയ്ക്കൻ

,, എ.പി.അബ്ദുള്ളക്കുട്ടി

,, സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലിനീകരണം നിരീക്ഷിക്കാനും അവ സംബന്ധിച്ച വിവരങ്ങൾ പൊതുജനങ്ങളെ അറിയിക്കുവാനും എന്തെല്ലാം സംവിധാനമാണ് നിലവിലുള്ളത്;

(ബി) ഇതിനായി മലിനീകരണ നിയന്ത്രണ ബോർഡ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) ഇത് സംബന്ധിച്ച അവബോധം പൊതുജനങ്ങളിലും വിദ്യാർത്ഥികളിലും എത്തിക്കാൻ നടപടികൾ എടുക്കുമോ?

കാലഹരണപ്പെട്ട നിയമങ്ങൾ റദ്ദാക്കുന്നതിന് നടപടികൾ

*647. ശ്രീ.ഡൊമിനിക് പ്രസന്റേഷൻ

,, അൻവർ സാദത്ത്

,, ആർ . സെൽവരാജ്

,, പി.സി വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലഹരണപ്പെട്ട നിയമങ്ങൾ റദ്ദാക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ;

(ബി) ഇതിനുവേണ്ടി നിയമനിർമ്മാണം നടത്തുന്ന കാര്യം പരിഗണനയിലുണ്ടോ ;

(സി) എങ്കിൽ നിയമ നിർമ്മാണ പ്രക്രിയ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ?

മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ

*648. ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി

,, ഐ.സി.ബാലകൃഷ്ണൻ

,, വി.പി.സജീന്ദ്രൻ

,, വി.ഡി.സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മോഡൽ റസിഡൻഷ്യൽ സ്കൂളുകൾക്കും ഹോസ്റ്റലുകൾക്കും അടിസ്ഥാന സൗകര്യ വികസനത്തിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിച്ചിട്ടുള്ളത് ;

(സി) പദ്ധതി പ്രകാരം എന്തെല്ലാം കാര്യങ്ങൾ ഭരണതലത്തിൽ നടപ്പാക്കിയിട്ടുണ്ട് ?

സഹകാരികൾക്കും സഹകരണ ജീവനക്കാർക്കും വേണ്ടി കർമ്മ പദ്ധതികൾ

*649. ശ്രീ.ആർ . സെൽവരാജ്

,, പി.എ.മാധവൻ

,, തേറമ്പിൽ രാമകൃഷ്ണൻ

,, ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകാരികൾക്കും സഹകരണ ജീവനക്കാർക്കും വേണ്ടി എന്തെല്ലാം പുതിയ കർമ്മ പദ്ധതികളാണ് നടപ്പാക്കാനുദ്ദേശിക്കുന്നത് ;

(ബി) എന്തെല്ലാം പദ്ധതികളാണ് ഇതിനായി ആവിഷ്കരിച്ചിട്ടുള്ളത് ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട് ?

<u>കൈത്തറി മേഖലയിലെ പ്രശ്നങ്ങൾ</u>

*650. ശ്രീ.ഇ.പി.ജയരാജൻ

,, കെ.കെ.നാരായണൻ

,, വി.ശിവൻകുട്ടി

,, റ്റി.വി.രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈത്തറി മേഖലയിൽ ഏതെങ്കിലും രംഗത്ത് പുരോഗതി നേടുന്നതിന് ഈ സർക്കാരിന്റെ കാലത്ത് സാദ്ധ്യമായിട്ടുണ്ടോ;

(ബി) കൈത്തറി മേഖലയെ തകർച്ചയിൽ നിന്നും സംരക്ഷിക്കുമെന്ന പ്രഖ്യാപനം പാലിക്കുന്നതിന് ഈ സർക്കാർ ചെയ്ത ക്രിയാത്മക നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) കൈത്തറി മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി ഈ മേഖലയിലെ പ്രധാന ട്രേഡ് യൂണിയനുകളുമായി സർക്കാർ എന്തെങ്കിലും ചർച്ച നടത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ അതിൽ ഉയർന്ന നിർദ്ദേശങ്ങളും അത് പ്രാവർത്തികമാക്കുന്നതിന് സ്വീകരിച്ച നടപടികളും വിശദമാക്കാമോ?

<u>പൊതുമേഖലയിൽ മുൻ സർക്കാർ ആരംഭിച്ച വ്യവസായ സ്ഥാപനങ്ങൾ</u>

*651. ശ്രീ.എം.എ.ബേബി

,, കെ.കെ.ജയചന്ദ്രൻ

,, ബാബു എം. പാലിശ്ശേരി

,, വി.ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പൊതുമേഖലയിൽ പുതുതായി ആരംഭിച്ച ഒൻപത് വ്യവസായ സ്ഥാപനങ്ങളുടെ ഇപ്പോഴത്തെ അവസ്ഥയെന്താണെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ ഒൻപത് സ്ഥാപനങ്ങളുടെ അഭിവൃദ്ധിക്കായി ഈ സർക്കാർ സ്വീകരിച്ച തുടർ നടപടികൾ വ്യക്തമാക്കാമോ ;

(സി) പ്രസ്തുത വ്യവസായ സ്ഥാപനങ്ങളുടെ സ്ഥാപിതലക്ഷ്യം പ്രാപ്തമാക്കുന്നതിന് എന്തു നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കാമോ ?

<u>എനർജി ഇന്നൊവേഷൻ സോൺ</u>

*652. ശ്രീ.സി.മോയിൻ കുട്ടി

,, കെ.മുഹമ്മദുണ്ണി ഹാജി

,, എൻ .എ.നെല്ലിക്കുന്ന്

,, വി.എം.ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഊർജ്ജ കമ്മി പരിഹരിക്കുന്നതിനുള്ള പ്രായോഗിക പരിഹാര പ്രവർത്തനങ്ങൾക്കുവേണ്ടി രൂപീകരിച്ച എനർജി ഇന്നൊവേഷൻ സോൺ എന്തൊക്കെ പ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) ഇതിനായി നൽകിയ സഹായ ധനത്തിന്റെ വിശദവിവരം നൽകാമോ;

(സി) ഇതുമൂലം ഉണ്ടായ നേട്ടം വിശദമാക്കുമോ?

<u>സംയോജിത സഹകരണ വികസന പദ്ധതി</u>

*653. ശ്രീ.സി.പി.മുഹമ്മദ്

,, സണ്ണി ജോസഫ്

,, എം.എ. വാഹീദ്

,, അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംയോജിത സഹകരണ വികസന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

<u>ജലേതര വൈദ്യുതി പദ്ധതികളിൽ നിന്നുമുള്ള ഉത്പാദനം</u>

*654. ശ്രീ.പുരുഷൻ കടലുണ്ടി

,, എം.എ.ബേബി

ഡോ.ടി.എം.തോമസ് ഐസക്

ശ്രീ.എസ്.ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജലവൈദ്യുതി പദ്ധതിയിൽ നിന്നല്ലാതെ വൈദ്യുതി ഉല്പാദിപ്പിക്കാൻ കഴിയുന്ന മേഖലകൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിന് ഈ സർക്കാരിന്റെ കാലയളവിൽ സാദ്ധ്യമായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ സർക്കാരിന്റെ കാലയളവിൽ ബജറ്റുകളിൽ പ്രഖ്യാപിച്ച ജലവൈദ്യുതപദ്ധതികളിൽ നിന്ന് ഉൽപാദനം സാദ്ധ്യമായിട്ടുണ്ടോയെന്ന്

വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്ത് ജലേതര സ്രോതസ്സുകളിൽ മുൻകാലത്ത് സ്ഥാപിക്കപ്പെട്ട പദ്ധതികളുടെ ഉൽപാദനശേഷിയും കഴിഞ്ഞ നാല് വർഷത്തെ ഉൽപാദനത്തിന്റെ ശതമാനവും മൊത്തത്തിൽ വിശദമാക്കാമോ ?

യുവജന ക്ഷേമപ്രവർത്തങ്ങൾ

*655. ശ്രീ.റ്റി.വി.രാജേഷ്

,, പി.ശ്രീരാമകൃഷ്ണൻ

,, എ. പ്രദീപ്കുമാർ

,, എ.എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ യുവജനങ്ങളുടെ പ്രശ്നങ്ങളും പരിഹാരങ്ങളും സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) യുവജന നയരേഖയിലെ പ്രഖ്യാപനങ്ങൾ നടപ്പിലാക്കുന്നതിലെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) എങ്കിൽ ഇത് സംസ്ഥാനത്തെ യുവജനങ്ങളുടെ യഥാർത്ഥ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എത്രത്തോളം പ്രയോജനകരമായിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) അഭ്യസ്തവിദ്യരും തൊഴിൽരഹിതരുമായ യുവജനങ്ങൾക്ക് സർക്കാർ സർവ്വീസിൽ തൊഴിൽ സാദ്ധ്യത എത്രത്തോളം കുറയുന്നു എന്ന് വിലയിരുത്തിയിട്ടുണ്ടോ ?

പാലക്കാട്ടെ ഇരുമ്പുരുക്ക് വ്യവസായം

*656. ശ്രീ.കെ.വി.അബ്ദുൾ ഖാദർ

,, എം. ഹംസ

,, എസ്.ശർമ്മ

,, സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദക്ഷിണേന്ത്യയിലെ തന്നെ ഏറ്റവും വലിയ ഇരുമ്പുരുക്ക് നിർമ്മാണശാലകളുള്ള പാലക്കാട്ട് ഈ വ്യവസായത്തിന്റെ ഇപ്പോഴത്തെ അവസ്ഥ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) അസംസ്കൃത വസ്തുക്കളുടെ വിലക്കയറ്റമടക്കം വിവിധ കാരണങ്ങളാൽ ഇത്തരം സ്ഥാപനങ്ങൾ വൻ പ്രതിസന്ധി നേരിടുകയാണെന്ന വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇത്തരം സ്ഥാപനങ്ങളെ തകർച്ചയിൽ നിന്നും സംരക്ഷിക്കുന്നതിനും സുഗമമായി നടത്തിക്കുന്നതിനും ആവശ്യമായ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ ?

ധാതുമണൽ സമ്പത്ത്

*657. ശ്രീ.ബി.ഡി. ദേവസ്സി

,, സി.കെ സദാശിവൻ

,, രാജു എബ്രഹാം

ശ്രീമതി.പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ ധാതുമണൽ സമ്പത്തിന്റെ വ്യാപ്തി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയെ വൻപുരോഗതിയിലേക്ക് നയിക്കാൻ പര്യാപ്തമായ ധാതു സമ്പത്ത് പ്രയോജനപ്പെടുത്താൻ സാധിക്കുന്നുണ്ടോ ; വ്യക്തമാക്കാമോ;

(സി) പാരിസ്ഥിതിക പ്രശ്നങ്ങളും മറ്റ് പരാതികളും ഉയരാത്ത തരത്തിൽ സംസ്ഥാനത്തിന്റെ ധാതുസമ്പത്ത് പ്രയോജനപ്പെടുത്തുന്നതിനെപ്പറ്റി പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

പാറഖനന മേഖലയിലെ മലിനീകരണം

*658. ശ്രീ. എൻ .എ.നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറഖനന മേഖലയിൽ മലിനീകരണ നിയന്ത്രണ ബോർഡിനുള്ള നിയന്ത്രണ ഉത്തരവാദിത്തങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഖനന മേഖലയിലെ മലിനീകരണം മൂലം ജനങ്ങൾക്കുണ്ടാകുന്ന ശാരീരിക, മാനസിക, ആരോഗ്യ പ്രശ്നങ്ങൾ പരിശോധിക്കാനുള്ള ഉത്തരവാദിത്തം ബോർഡിൽ നിക്ഷിപ്തമാണോ ;

(സി) എങ്കിൽ ബോർഡിൽ നിന്നും ഖനനത്തിനുള്ള അനുമതി നല്കുന്നതിന് മുമ്പ് പരിസരവാസികളുടെ അഭിപ്രായം തേടുകയും ന്യായമായ ആവലാതികൾക്ക് പരിഹാരമുണ്ടാക്കുകയും വേണമെന്ന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നല്കുമോ ?

റെയിൽവെ മേഖലയിലെ വികസനം

*659. ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ)

ശ്രീമതി.കെ.കെ.ലതിക

ശ്രീ.പി.ടി.എ. റഹീം

,, വി.ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിൻെറ റെയിൽവെ മേഖലയിലെ വികസനത്തിനുളള ഏതെല്ലാം പദ്ധതികളിലാണ് കേന്ദ്രം സംസ്ഥാനത്തിൻെറ പങ്കാളിത്തവും സഹകരണവും ആവശ്യപ്പെട്ടിട്ടുളളതെന്ന് വ്യക്തമാക്കുമോ ;

(ബി) ഏതെല്ലാം പദ്ധതികളാണ് സംസ്ഥാന പങ്കാളിത്തം ആവശ്യപ്പെട്ടതുകൊണ്ട് പ്രാവർത്തികമാക്കാൻ സാധിക്കാതെയുളളതെന്നു വ്യക്തമാക്കുമോ?

<u>ഇൻഫോപാർക്കും സൈബർ പാർക്കും</u>

*660. ശ്രീ.റ്റി.എ.അഹമ്മദ് കബീർ

,, സി.മോയിൻ കുട്ടി

,, പി.ഉബൈദുള്ള

,, കെ.മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഇൻഫോപാർക്ക്, സൈബർ പാർക്ക് എന്നിവ ഐ.റ്റി. വികസന രംഗത്ത് വഹിക്കുന്ന പങ്ക് എത്രത്തോളമാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഇൻഫോപാർക്കിന്റെ സ്ഥാപിത ലക്ഷ്യം എത്രത്തോളം നേടാനായിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(സി) സൈബർ പാർക്കിന്റെ ഇതേവരെയുള്ള നിക്ഷേപം എത്രയാണ് ; അത് വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി.ഡി.ശാരംഗധരൻ,
തിരുവനന്തപുരം, സെക്രട്ടറി.
21-07-2015

---

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u> നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].